**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1830** **11-10-2024 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടി വഴി മൈസൂരിലേയ്ക്കുള്ള കെ.എസ്.ആർ.ടി.സി ബസ് സർവീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ കെ ബി ഗണേഷ് കുമാർ (ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് കുറ്റ്യാടി വഴി മൈസൂരിലേയ്ക്കുള്ള കെ.എസ്.ആർ.ടി.സി ബസ് നിർത്തലാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | അന്തർസംസ്ഥാന കരാർ പ്രകാരം കോവിഡ് കാലത്തിന് മുമ്പ് മാനന്തവാടി – മൈസൂർ റൂട്ടിൽ നടത്തി വന്നിരുന്ന സർവീസ് കോവിഡ് കാലത്തെ അന്തർസംസ്ഥാന യാത്രാ നിയന്ത്രണങ്ങളെ തുടർന്ന് കോഴിക്കോട് – കുറ്റ്യാടി – മൈസൂർ റൂട്ടിൽ സർവീസ് നടത്തി വന്നിരുന്നു. എന്നാൽ നിലവിൽ അന്തർസംസ്ഥാന കരാർ പ്രകാരം മാനന്തവാടി – മൈസൂർ റൂട്ടിൽ രണ്ട് ട്രിപ്പുകളും പൂർണ്ണമായും നടത്തുന്നതിനാൽ കേരളത്തിനുള്ളിലുള്ള ട്രിപ്പ് പുനഃക്രമീകരിക്കുകയാണുണ്ടായത്. കോഴിക്കോട് – കുറ്റ്യാടി റൂട്ടിലും, കുറ്റ്യാടി – മാനന്തവാടി റൂട്ടിലും കെ.എസ്.ആർ.ടി.സി സർവീസുകൾ ആവശ്യാനുസരണം ക്രമീകരിച്ചിട്ടുണ്ട്. കൂടാതെ കോഴിക്കോട് – കുറ്റ്യാടി വഴി മൈസൂർ, ബാംഗ്ലൂർ എന്നിവിടങ്ങളിലേയ്ക്ക് കോഴിക്കോട്, വടകര യൂണിറ്റുകളിൽ നിന്നും സർവീസുകൾ നടത്തി വരുന്നുണ്ട്. |
| (ബി) | നിരവധി ആളുകൾക്ക് ആശ്രയമായിരുന്ന പ്രസ്തുത ബസ് സർവീസ് അടിയന്തരമായി പുന:സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ; | (ബി) | അന്തർസംസ്ഥാന കരാർ പ്രകാരം കോവിഡ് കാലത്തിന് മുമ്പ് മാനന്തവാടി – മൈസൂർ റൂട്ടിൽ നടത്തി വന്നിരുന്ന സർവീസ് കോവിഡ് കാലത്തെ അന്തർസംസ്ഥാന യാത്രാ നിയന്ത്രണങ്ങളെ തുടർന്ന് കോഴിക്കോട് – കുറ്റ്യാടി – മൈസൂർ റൂട്ടിൽ സർവീസ് നടത്തി വന്നിരുന്നു. എന്നാൽ നിലവിൽ അന്തർസംസ്ഥാന കരാർ പ്രകാരം മാനന്തവാടി – മൈസൂർ റൂട്ടിൽ രണ്ട് ട്രിപ്പുകളും പൂർണ്ണമായും നടത്തുന്നതിനാൽ കേരളത്തിനുള്ളിലുള്ള ട്രിപ്പ് പുനഃക്രമീകരിക്കുകയാണുണ്ടായത്. കോഴിക്കോട് – കുറ്റ്യാടി റൂട്ടിലും, കുറ്റ്യാടി – മാനന്തവാടി റൂട്ടിലും കെ.എസ്.ആർ.ടി.സി സർവീസുകൾ ആവശ്യാനുസരണം ക്രമീകരിച്ചിട്ടുണ്ട്. കൂടാതെ കോഴിക്കോട് – കുറ്റ്യാടി വഴി മൈസൂർ, ബാംഗ്ലൂർ എന്നിവിടങ്ങളിലേയ്ക്ക് കോഴിക്കോട്, വടകര |

| | | | |
|---|---|---|---|
| | | | യൂണിറ്റുകളിൽ നിന്നും സർവീസുകൾ നടത്തി വരുന്നുണ്ട്. |
| (സി) | നിലവിൽ മാനന്തവാടിയിൽ നിന്നും കുറ്റ്യാടി വഴി തിരുവനന്തപുരത്തേയ്ക്കുള്ള കെ.എസ്.ആർ.ടി.സി ബസുകളിൽ നിരവധി യാത്രക്കാർക്ക് സീറ്റ് ലഭിക്കാത്തതിനാൽ നിരന്തരം പരാതി ലഭിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ തിരുവനന്തപുരം സെൻട്രൽ ഡിപ്പോയുടെ തിരുവനന്തപുരം – മാനന്തവാടി (കുറ്റ്യാടി വഴി) സർവീസിന് 19.05.2024 മുതൽ 18.06.2024 വരെ ലഭ്യമായ വരുമാനം പരിശോധിച്ചതിൽ ടി സർവീസിന്റെ ശരാശരി പ്രതി കിലോമീറ്റർ വരുമാനം 41.22 രൂപയും 2024 സെപ്റ്റംബർ മാസത്തെ വരുമാനം പരിശോധിച്ചതിൽ 40.35 രൂപയും മാത്രമാണ്. ആയതിനാൽ പുതിയ ദീർഘദൂര സർവീസ് ടി റൂട്ടിൽ നടത്തുന്നത് ഗുണകരമല്ല. |
| (ഡി) | പ്രസ്തുത സാഹചര്യത്തിൽ മാനന്തവാടിയിൽ നിന്നും കുറ്റ്യാടി വഴി തിരുവനന്തപുരത്തേക്ക് പുതിയ കെ.എസ്.ആർ.ടി.സി ബസ് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ തിരുവനന്തപുരം സെൻട്രൽ ഡിപ്പോയുടെ തിരുവനന്തപുരം – മാനന്തവാടി (കുറ്റ്യാടി വഴി) സർവീസിന് 19.05.2024 മുതൽ 18.06.2024 വരെ ലഭ്യമായ വരുമാനം പരിശോധിച്ചതിൽ ടി സർവീസിന്റെ ശരാശരി പ്രതി കിലോമീറ്റർ വരുമാനം 41.22 രൂപയും 2024 സെപ്റ്റംബർ മാസത്തെ വരുമാനം പരിശോധിച്ചതിൽ 40.35 രൂപയും മാത്രമാണ്. ആയതിനാൽ പുതിയ ദീർഘദൂര സർവീസ് ടി റൂട്ടിൽ നടത്തുന്നത് ഗുണകരമല്ല. |

സെക്ഷൻ ഓഫീസർ